## വ്യഭിചാരം ചെയ്ത് ജീവിക്കുന്നുവെന്ന് തെളിയാത്തിടത്തോളം ഭാര്യക്ക് ജീവനാംശം നിഷേധിക്കാനാവില്ല

### കേരള ഹൈക്കോടതി

R.P.F.C. No. 107/2020 Dt. 13.1.2021

രൂപ സി.

x

പുത്താലത്ത് അനിൽ കുമാർ

രൂപ, അനിൽ കുമാർ എന്നിവർ ഹിന്ദു മതാചാരപ്രകാരം 1994-ലാണ് വിവാഹിതരായത്. ആ വിവാഹ ബന്ധത്തിൽ രണ്ട് മക്കളുണ്ട്. വിവാഹം കഴിഞ്ഞപ്പോൾ മുതൽ ഭർത്താവും വീട്ടുകാരും ഭാര്യയോട് നിസ്സംഗതയോടെയാണ് പെരുമാറിയത്. ഭാര്യ മറ്റുള്ളവരുമായി ഇടപെടുന്നത് ഭർത്തൃവീട്ടുകാർക്ക് ഇഷ്ടമല്ലായിരുന്നു. ഭർത്താവിന് ഗൾഫ് രാജ്യത്താണ് ജോലി. ഒന്നാമത്തെ കുഞ്ഞിന് മൂന്ന് വയസ്സ് പ്രായമായപ്പോൾ ഭർത്താവിന്റെ നിർബ്ബന്ധത്തിനു വഴങ്ങി ഭാര്യ ജോലിക്ക് പോയി. ഒന്നര ലക്ഷം രൂപയായിരുന്നു ശമ്പളം. 2002-ൽ അവർക്ക് രണ്ടാമത്തെ കുഞ്ഞ് പിറന്നു. ഭാര്യ ജോലി രാജിവയ്ക്കാൻ ആഗ്രഹിച്ചെങ്കിലും ഭർത്താവ് അതിന് സമ്മതിച്ചില്ല. അപ്രകാരമിരിക്കെ സതീർത്ഥ്യരുടെ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു വേണ്ടി ഭാര്യ കോഴിക്കോട്ടേക്കു പോയി. അവിടെവച്ച് ഭാര്യയുടെ നഗ്ന ചിത്രങ്ങളെടുക്കാൻ ഭർത്താവ് വീഡിയോഗ്രാഫറെ ഏർപ്പെടുത്തി. ദൃശ്യങ്ങൾ ഭർത്താവ് പലർക്കും അയച്ചുകൊടുത്തു. തുടർന്ന് ഭാര്യ ഭർത്താവിനെതിരെ പോലീസിൽ പരാതി നല്കി. പോലീസ് അയാൾക്കെതിരെ കേസെടുത്തു. അതിനു ശേഷം ഗൾഫ് രാജ്യത്തേക്ക് പോയി ഭർത്താവിനോടൊത്തു താമസിച്ചു. ഭർത്താവ് അവരെ വീട്ടിൽ പൂട്ടിയിട്ട് മാനസികമായും ശാരീരികമായും ഉപദ്രവിച്ചു. ഒരു വിധത്തിൽ രക്ഷപ്പെട്ട ഭാര്യ ഗൾഫ് രാജ്യത്തും ഭർത്താവിനെതിരെ പരാതി നല്കി. അതിനു ശേഷം അവിടെനിന്ന് രക്ഷപ്പെട്ട ഭാര്യ സ്വന്തം നാട്ടിലെത്തി. തുടർന്ന് ഭർത്താവിൽ നിന്ന് ജീവനാംശം ലഭിക്കുന്നതിനു വേണ്ടി കുടുംബ കോടതിയിൽ അപേക്ഷ നല്കി. തനിക്ക് പ്രതിമാസം അമ്പതിനായിരം രൂപയും ഇളയകുഞ്ഞിന് പ്രതിമാസം മുപ്പതിനായിരം രൂപയും വേണമെന്നാണ് ഹർജിക്കാരി ആവശ്യപ്പെട്ടത്. ഭാര്യ വ്യഭിചാരം ചെയ്ത് ജീവിക്കുകയാണെന്ന് ഭർത്താവ് ആരോപിച്ചു. അതിനാൽ ജീവനാംശം നല്കാൻ തനിക്ക് ബാധ്യതയില്ലെന്ന് ഭർത്താവ് വാദിച്ചു. ഇത് അംഗീകരിച്ച കുടുംബ കോടതി ഇളയ കുഞ്ഞിന് മാത്രം പ്രതിമാസം പതിനയ്യായിരം രൂപ ജീവനാംശമായി നല്കണമെന്ന് ഭർത്താവിന് നിർദ്ദേശം നല്കി. ഇതിനെതിരെ ഭാര്യ ഹൈക്കോടതിയിൽ പുനരവലോകന ഹർജി സമർപ്പിച്ചു. സത്യവിരുദ്ധമായ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ തനിക്ക് ജീവനാംശം നിഷേധിച്ചതും കുഞ്ഞിന് പതിനയ്യായിരം രൂപ മാത്രം അനുവദിച്ചതും തെറ്റും ഭേദഗതി ചെയ്യേണ്ടതുമാണെന്ന് ഭാര്യ വാദിച്ചു. ഭാര്യയുടെ അവിഹിത ബന്ധത്തിന്റെ ഒറ്റപ്പെട്ട സംഭവത്തിന്റെ അടിസ്ഥാനത്തിൽ അവർ വ്യഭിചാരിണിയാണെന്ന് കരുതാനാവില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ഭാര്യ വ്യഭിചാരം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കയാണെന്ന് തെളിയിക്കാത്തിടത്തോളം ഭർത്താവ് ഭാര്യക്ക് ജീവനാംശം നല്കാൻ ബാധ്യസ്ഥനാണെന്ന് ഹൈക്കോടതി വിലയിരുത്തി. ഭാര്യക്ക് ജീവനാംശം നിഷേധിച്ച നടപടി റദ്ദാക്കിയ ഹൈക്കോടതി ജീവനാംശം എത്രയെന്ന് നിർണ്ണയിക്കാൻ വേണ്ടിമാത്രം കേസ് കുടുംബ കോടതിയിലേക്ക് തിരിച്ചയച്ചു.